## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2646 09.03.2017-ലെ മറുപടി

## അനധികൃത കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ കുടിവെള്ളവും അല്ലാത്തതുമായ വെള്ളം വാഹനങ്ങളിൽ കയറ്റി വിതരണം നടത്തുന്ന തിന് ലൈസൻസ് നൽകി യിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>ബി പലസ്ഥലങ്ങളിൽ നിന്നും അനധികൃതമായി മോശമായ വെള്ളം ശേഖരിച്ച് കുടിവെള്ളമെന്നപേരിൽ ജനങ്ങൾക്ക് നൽകി അമിത ചാർജ്ജ് ഈടാക്കി കൊള്ളയടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കു മെന്ന് വിശദമാക്കുമോ; | എ & ബി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലാത്തതോ അതി രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ജനവാസം കുറഞ്ഞ മലയോര പ്രദേശങ്ങളിലോ ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തേണ്ട അടിയന്തിര സാഹചര്യം കണക്കിലെടുത്ത് ജില്ലാകളക്ടർമാർക്ക് തങ്ങളുടെ വിവേചനാ അധികാരം ഉപയോഗിച്ച് അനുമതി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് കളക്ടർമാർ വ്യക്തമായ നിബന്ധനകളോടെ ഗ്രാമപഞ്ചായത്തുകളുടെ മേൽ നോട്ടത്തിൽ കുടിവെള്ള വിതരണം നടത്തേണ്ടതാണെന്നും ഇതിനായി ജി.പി.എസ് ഘടിപ്പിച്ച ടാങ്കർ ലോറികൾ ഉപയോഗി ക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി കുടിവെള്ളം ഇല്ലാത്ത സ്ഥലങ്ങളിൽ പ്രൈവറ്റ് ലോറികളിൽ വെള്ളം എത്തിച്ച് കൊടുക്കുന്നതിന് വെള്ളത്തിന്റെ അളവ് അനുസരിച്ച് വില നിശ്ചയി ക്കാൻ തയ്യാറാകുമോ; | സി ടാങ്കർ ലോറികൾക്ക് 1000 ലിറ്ററിന് 60 രൂപ എന്ന നിരക്കിലാണ് വില നിശ്ചയിച്ചിരിക്കുന്നത്. |
| ഡി ഇപ്രകാരമുള്ള കുടിവെള്ള ബിസിനസ്സിനെ നിയമ ത്തിന്റെ പരിധിയിൽ കൊണ്ടുവന്ന് കുടിവെള്ള ത്തിന്റെ പേരിൽ ജനങ്ങളെ കൊള്ളയടിക്കുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ഡി ഉപയോഗയോഗ്യമല്ലാത്ത ജലവിതരണം തടയു വാൻ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ